# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ഫെബ്രുവരി 10 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## പാർട്ട് - 2

## കൊറോണ പ്രതിരോധം
## കളക്ടറേറ്റ് കൺട്രോൾ റൂം

കൊറോണ രോഗലക്ഷണങ്ങളുമായി തൃശൂർ ജില്ലയിലെ വിവിധ ആശുപത്രികളിൽ നിരീക്ഷണത്തിലുണ്ടായിരുന്ന മൂന്ന് പേരെ തിങ്കളാഴ്ച (ഫെബ്രു. 10) ഡിസ്ചാർജ് ചെയ്തു. തൃശൂർ ഗവ. മെഡിക്കൽ കോളജ് ആശുപത്രി, കൊടുങ്ങല്ലൂർ താലൂക്കാസ്ഥാന ആശുപത്രി, ഒരു സ്വകാര്യ ആശുപത്രി എന്നിവയിലെ ഓരോ പേർ വീതമാണ് ഡിസ്ചാർജ് ആയത്. നിലവിൽ ആശുപത്രികളിൽ ആറ് പേർ നിരീക്ഷണത്തിലുണ്ട്. നാല് പേർ ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിലും രണ്ട് പേർ ചാലക്കുടി താലൂക്കാസ്ഥാന ആശുപത്രിയിലുമാണ്. വീടുകളിൽ ആകെ 234 പേരാണ് നിരീക്ഷണത്തിലുള്ളത്.

തിങ്കളാഴ്ച (ഫെബ്രു. 10) മൂന്ന് പേരുടെ സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. 59 പേരുടേതായി 86 സാമ്പിളുകളാണ് ആകെ പരിശോധനയ്ക്ക് അയച്ചിട്ടുള്ളത്. പുതിയതായി പോസിറ്റീവ് ഫലം ഒന്നുമില്ല. രോഗം സ്ഥിരീകരിച്ച വ്യക്തിയുടെ ഒരു സാമ്പിളിന്റെ ഫലം നെഗറ്റീവ് ആണ്. ഇനി ഒരു സാമ്പിളിന്റെ ഫലം വരാനുണ്ട്.

കുന്നംകുളത്ത് കൊറോണ സ്ഥിരീകരിച്ചുവെന്ന വ്യാജ സന്ദേശം അയച്ച കേസിൽ രണ്ടു പേർ കൂടി തിങ്കളാഴ്ച (ഫെബ്രു. 10) അറസ്റ്റിലായി. തൃശൂർ റൂറൽ പോലീസിന് കീഴിലെ എങ്ങണ്ടിയൂർ അറയ്ക്കപറമ്പിൽ വീട്ടിൽ വേണുഗോപാൽ (55), മകൻ അഖിൽ വേണുഗോപാൽ (22) എന്നിവരാണ് അറസ്റ്റിലായത്. ഇതോടെ കൊറോണയുമായി ബന്ധപ്പെട്ട് വ്യാജ വാർത്തകൾ പ്രചരിപ്പിച്ച കേസിൽ ജില്ലയിൽ 14 പേർ അറസ്റ്റിലായി. റൂറൽ പോലീസ് ആറ് പേരെയും സിറ്റി പോലീസ് എട്ടു പേരെയുമാണ് അറസ്റ്റ് ചെയ്തത്.

28 ദിവസം വീടുകളിൽ നിരീക്ഷണത്തിൽ കഴിഞ്ഞവർക്ക് അതിന് ശേഷം സാധാരണ ജീവിതം നയിക്കാവുന്നതാണ്. ഇവരിൽ നിന്ന് രോഗപകർച്ച ഉണ്ടാവില്ലെന്ന് ആരോഗ്യ വകുപ്പ് അറിയിക്കുന്നു.

ജില്ലയിൽ തിങ്കളാഴ്ച (ഫെബ്രു. 10) 3,403 പേർക്ക് ബോധവത്കരണ ക്ലാസ് നൽകി. ആകെ 66,699 പേർക്ക് ക്ലാസുകൾ നൽകി. നിരീക്ഷണത്തിൽ കഴിയുന്നവരുടെ മാനസിക സമ്മർദ്ദം അകറ്റാനായി സാന്ത്വനമേകി കൗൺസലർമാർ സദാസമയവും രംഗത്തുണ്ട്. ഇതിന് ജനങ്ങളുടെ പിന്തുണ കൂടി ആവശ്യമാണെന്ന് ആരോഗ്യ വകുപ്പ് അറിയിച്ചു.

# പ്രളയബാധിതർക്കുള്ള ആർകെഎൽഎസ് വായ്പയുടെ പലിശ സബ്സിഡി വിതരണോദ്ഘാടനം 13 ന്

2018ലെ പ്രളയ ബാധിതർക്കുള്ള റീസർജന്റ് കേരള ലോൺ സ്കീം (ആർകെഎൽഎസ്) പ്രകാരമുള്ള പലിശരഹിത വായ്പയുടെ സബ്സിഡി വിതരണോദ്ഘാടനം ഫെബ്രുവരി 13 ന് ഉച്ചയ്ക്ക് രണ്ടിന് തൃശൂർ ടൗൺ ഹാളിൽ മന്ത്രി എ.സി. മൊയ്തീൻ നിർവഹിക്കും. പ്രളയബന്ധിത ലോൺ എടുത്ത 93 സി.ഡി.എസ്സുകൾക്ക് ചെക്ക് ചടങ്ങിൽ വിതരണം ചെയ്യും. കൊടുങ്ങല്ലൂർ സി.ഡി.എസ് ഒന്നിനാണ് ഏറ്റവും കൂടുതൽ വായ്പ തുക ലഭ്യമാക്കിയത്.

പ്രളയ ദുരന്തത്തിന്റെ ആഘാതത്തിൽ കഷ്ടപ്പെടുന്നവർക്ക് ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഉപജീവനോപാധികൾ നേടുന്നതിനു തിരിച്ചു പിടിക്കുന്നതിനുള്ള കൈത്താങ്ങ് നൽകുകയാണ് പലിശ രഹിത വായ്പ സ്കീമിലൂടെ സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്.

കുടുംബശ്രീ അംഗത്തിന് ഒരു ലക്ഷം രൂപ പലിശ രഹിത വായ്പ നൽക്കുന്നതാണ് പദ്ധതി.

പതിനായിരം രൂപ സർക്കാർ ധനസഹായം ലഭിച്ച കുടുംബത്തിലെ കുടുംബശ്രീ അംഗത്തിന് തുക അയൽക്കൂട്ടങ്ങൾ വഴി ബാങ്കിൽ നിന്ന് ലഭ്യമാക്കും. 36 മാസം മുതൽ 48 മാസം വരെ തിരിച്ചടവ് കാലാവധി നൽകും. ഒമ്പത് ശതമാനം നിരക്കിൽ നൽകുന്ന വായ്പയുടെ മുഴുവൻ പലിശയും സർക്കാർ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭ്യമാക്കും.

ജില്ലയിൽ 6696 അയൽക്കൂട്ടങ്ങൾ വഴി 42431 കുടുംബങ്ങൾക്ക് 3,51,57,19,420 വായ്പ ലഭ്യമായി. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വായ്പ നൽകിയതിൽ രണ്ടാം സ്ഥാനത്താണ് തൃശൂർ. സഹകരണ ബാങ്കുകൾ വഴിയാണ് ഏറ്റവും കൂടുതൽ വായ്പ നൽകിയത്.

2020 മാർച്ച് വരെ പലിശയിനത്തിൽ 29.13 കോടി രൂപയാണ് തൃശൂർ ജില്ലക്ക് അനുവദിച്ചത്. ആദ്യഘട്ട സബ്സിഡി ഇനത്തിൽ 14 ജില്ലകൾക്കായി 131.18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആകെ അനുവദിക്കേണ്ട പലിശ തുക 2977.62 ലക്ഷം രൂപയാണ് ഇതിൽ തൃശൂർ ജില്ലക്ക് സബ്സിഡി തുക 6033.85 ലക്ഷം രൂപയാണ്. ഇതിലെ ആദ്യഗഡു 29.13 കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചിരിക്കുന്നത്.

കൊടുങ്ങല്ലൂർ സി.ഡി.എസ്സ്. ഒന്നിനാണ് ഏറ്റവും കൂടുതൽ വായ്പ തുക ലഭ്യമാക്കിയിട്ടുള്ളത് -17.40 കോടി രൂപ. ഈ സി.ഡി.എസ്സിനാണ് ഏറ്റവും കൂടുതൽ സബ്സിഡി അനുവദിച്ചിട്ടുള്ളത്. 15789177 രൂപ.

പറപ്പൂക്കര-15593100, എടത്തിരുത്തി - 11471034, കാടുകുറ്റി - 11049171, വരന്തരപ്പിള്ളി-10602194, മണലൂർ-10498920, പടിയൂർ - 10466274, ചാലക്കുടി - 10045649. ഇത്രയും സി.ഡി.എസ്സുകൾക്കാണ് ഒരു കോടിക്കു മുകളിൽ സബ്സിഡി അനുവദിച്ചത്.

# ജില്ലാ കായികമേള സമാപിച്ചു

നെഹ്റു യുവകേന്ദ്രയുടെ ജില്ലാ കായികമേള സമാപനം അരണാട്ടുകര നേതാജി ഗ്രൗണ്ടിൽ കോർപ്പറേഷൻ കൗൺസിലർ പ്രിൻസി രാജു ഉദ്ഘാടനം ചെയ്തു. എസ് സതീഷ് അദ്ധ്യക്ഷത വഹിച്ചു. തൃശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് കെ ആർ സാംബശിവൻ സമ്മാന ദാനം നിർവഹിച്ചു.

പഴയന്നൂർ ബ്ലോസ്സംസ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് (ഫുട്ബോൾ), പുഴയ്ക്കൽ റിനൈസൻസ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് (വടംവലി), ചേർപ്പ് ഫിഫ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് (വോളിബോൾ), അന്തിക്കാട് ആദർശ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് (അത്‌ലറ്റിക്സ്), വെള്ളാങ്കല്ലൂർ കൊറ്റനല്ലൂർ ഫുട്ബോൾ ക്ലബ് (ഡെൽവിൻ, ഷോവിൻ ജോളി), ഒല്ലൂക്കര യൂണൈറ്റഡ് ക്ലബ് (അഖിൽ പി മുരളി) എന്നിവർ ജേതാക്കളായി.

# യന്ത്ര പ്രദർശന മേള സമാപിച്ചു: സന്ദർശിച്ചത് 85000 പേർ

കഴിഞ്ഞ നാല് ദിവസമായി തേക്കിൻകാട് വിദ്യാർത്ഥി കോർണറിൽ നടന്ന യന്ത്ര പ്രദർശന മേള സമാപിച്ചു. മേളയിൽ 85000 പേർ സന്ദർശനം നടത്തിയതായി സംഘാടകർ അറിയിച്ചു. വ്യവസായ വാണിജ്യ വകുപ്പ് ആദ്യമായാണ് ജില്ലയിൽ നേരിട്ട് മേള സംഘടിപ്പിച്ചത്. സന്ദർശനം

നടത്തിയ 40% പേരും സംരംഭകർ ആകണം എന്ന ഉദ്ദേശത്തോടെയാണ് മേളയുടെ ഭാഗമായത്. സൂക്ഷ്മ, ഇടത്തരം, ചെറുകിട സംരംഭങ്ങളുടെ വളർച്ച ലക്ഷ്യമിട്ട് അതിനൂതന ആശയങ്ങളുടെയും സാങ്കേതിക വിദ്യയുടെയും പ്രദർശനമാണ് നടന്നത്. കേരളത്തിനകത്തും പുറത്തുമുള്ള 112 മെഷിനറി ഉൽപ്പാദകരും, വിതരണക്കാരും മേളയിൽ പങ്കെടുത്തു. 132 സ്റ്റാളുകളാണ് സജ്ജമാക്കിയിരുന്നത്. തമിഴ്നാടിൽ നിന്നും 18, കർണാടക 10, മഹാരാഷ്ട്ര രണ്ട്, കേരളം -91, ഹരിയാനയിൽ നിന്നും ഒന്നും എന്നിങ്ങനെ വിവിധ യന്ത്ര പ്രദർശന സ്റ്റാളുകൾ ഒരുക്കിയിരുന്നു. വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള രണ്ട് കോമൺ ഫെസിലിറ്റി സെന്ററുകൾ, സിപറ്റ്, സിഫ്ട്, കേന്ദ്ര എം എസ് എം ഇ മന്ത്രാലയത്തിന് കീഴിലെ ഏഴ് വ്യത്യസ്ത ടൂൾ റൂംസ്, സി ടി സി ആർ ഐ തുടങ്ങി 13 ടെക്നോളജി സ്ഥാപനങ്ങളും പ്രദർശനത്തിനെത്തിയിരുന്നു. 40000 ചതുരശ്ര അടിയിൽ പൂർണമായും ശീതീകരിച്ച പവലിയനാണ് ഒരുക്കിയിരുന്നത്.

ഒൻപത് ചതുരശ്ര മീറ്റർ വീതം വിസ്തീർണമുള്ള 132 മെഷിനറി സ്റ്റാളുകളിൽ ഒരുക്കിയിരുന്ന മെഷീനറികൾ വിവിധ മേഖലകളിലെ ആധുനിക സാങ്കേതിക വിവരങ്ങൾ സംരംഭകർക്ക് പകർന്നു നൽകി. സ്റ്റാർട്ടപ് സംരംഭങ്ങളുടെ വിവരങ്ങളും നൂതന ടെക്നോളജിയുടെ അവതരണവും ബ്രാൻഡ് ഡെവലപ്പ്മെന്റും ഇതോടനുബന്ധിച്ചുണ്ടായിരുന്നു. സംരംഭകർക്ക് ആവശ്യമായ ഏഴ് വിഷയങ്ങളുടെ അവതരണം വിവിധ സെമിനാറുകളിലൂടെ നടന്നു. കലാപരിപാടികളും മേളയുടെ മാറ്റു കൂട്ടി. മികച്ച സ്റ്റാളുകൾക്കുള്ള സർട്ടിഫിക്കേറ്റ് വിതരണവും സമ്മാനദാനവും നടന്നു. എറണാകുളം ജില്ലയിൽ നിന്നുള്ള ക്വാളിറ്റി മെഷീൻസ് ഒന്നാം സ്ഥാനവും, അഹമ്മദാബാദിൽ നിന്നുള്ള ഏഷ്യൻ പാക്കേജിങ് രണ്ടാം സ്ഥാനവും തൃശ്ശൂരിലെ മെറ്റലാജ് ടെക്നോളജി മൂന്നാം സ്ഥാനവും നേടി. പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഡി രാജേന്ദ്രൻ, ഡയറക്ടറേറ് ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സ് ജോയിന്റ് ഡയറക്ടർ ഇ സലാവുദീൻ, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു എബ്രഹാം, കെഎസ്എസ്എസ്ഐഎ സംസ്ഥാന വൈസ് പ്രസിഡന്റ് ജോസഫ് കെ എ, തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഇൻ ചാർജ് സജി എസ് തുടങ്ങിയവർ സമാപന ചടങ്ങിൽ പങ്കെടുത്തു.

# അറിയിപ്പ്

പാർട്ട് 1 ലെ ജോലി വേണോ ? ജോലിക്കാരെ വേണോ ? രണ്ടിനും ആപ് റെഡി എന്ന വാർത്തയുടെ സ്കിൽ രജിസ്ട്രി ആപ്പിന്റെ ചിത്രം ഇതോടൊപ്പം അയ്ക്കുന്നു.